compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 ഓഗസ്റ്റ് 19
Tuesday, 19th August 2025

1201 ചിങ്ങം 3
3rd Chingam 1201

1947 ശ്രാവണം 28
28th Sravana 1947

വാല്യം 14
Vol. XIV

നമ്പർ **33**
No.

Part III

Survey and Land Records

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സർവെയും ഭൂരേഖയും വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം

(ഹാജർ: പി. ആർ. പുഷ്പ)

നമ്പർ DSLR/1730/2023-E4. 2025 ആഗസ്റ്റ് 13.

വിഷയം:—സർവെയും ഭൂരേഖയും വകുപ്പ്—2023 ജൂലൈ മാസം 14, 15 തീയതികളിൽ തിരുവനന്തപുരം/ കണ്ണൂർ കേന്ദ്രങ്ങളിൽ വച്ച് നടന്ന ഹയർ സർവെ പരീക്ഷാഫലം മാറ്റം ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) ബഹു. പ്രിൻസിപ്പൽ സെക്രട്ടറിയുടെ 17-7-2024 തീയതിയിലെ നമ്പർ സി2/32/2024 റവ. നമ്പർ കത്ത്.

(2) ഈ കാര്യാലയത്തിലെ 27-12-2024-ലെ ഇതേ നമ്പർ നടപടിക്രമം.

(3) ബഹു. പ്രിൻസിപ്പൽ സെക്രട്ടറിയുടെ 20-11-2024 തീയതിയിലെ നമ്പർ സി 2/32/2025 റവ. നമ്പർ കത്ത്.

(4) 2-4-2025-ലെ ഇതേ നമ്പർ കത്ത്.

(5) പ്രിൻസിപ്പൽ സെക്രട്ടറി റവന്യു(സി) വകുപ്പിന്റെ 30-5-2025-ലെ സി2/32/2024 റവ നമ്പർ കത്ത്.

സൂചന (1) പ്രകാരം, 2023 ജൂലൈ മാസം 14, 15 തീയതികളിൽ നടന്ന ഹയർ സർവെ പരീക്ഷ മൂല്യനിർണ്ണയം സംബന്ധിച്ച് ശ്രീ. രാജേഷ്, വി. സർക്കാരിൽ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഹയർ സർവെ പരീക്ഷ പുനർമൂല്യനിർണ്ണയം നടത്തുന്നതിന് നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് സൂചന (2) പ്രകാരം സർക്കാർ പ്രതിനിധിയെകൂടി ഉൾപ്പെടുത്തി പാനൽ രൂപീകരിക്കുകയും സൂചന (3) നിർദ്ദേശം ലഭിച്ചതിനെ തുടർന്ന് സൂചന (4) പ്രകാരം 22-4-2025-ൽ ഹയർ സർവെ തിയറി പരീക്ഷയുടെ ഉത്തര കടലാസുകൾ പുനർമൂല്യനിർണ്ണയം നടത്തുകയുമുണ്ടായി. എന്നാൽ ടി ഹയർ സർവെ ബാച്ചിലെ Reg. No. 6, 29 മാർക്ക് ലഭ്യമായിരുന്ന ശ്രീ. രാജേഷ്, വി. എന്നയാളുടെ ഉത്തരക്കടലാസ്, റീവാല്യുവേഷൻ പാനൽ പരിശോധിച്ച് ഉത്തരക്കടലാസിലെ സെക്ഷൻ A-ലെ 20 മാർക്കുള്ള 9-ാം നമ്പർ ചോദ്യമായ Traverse Computation Sheet-ൽ നിലവിലുണ്ടായിരുന്ന 9 മാർക്ക് 18 മാർക്കായി നിർണ്ണയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തിയറി പേപ്പറിന് ആകെ മാർക്ക് 38 ആയി വർദ്ധിപ്പിച്ചു റിപ്പോർട്ടും നൽകുകയുണ്ടായി.

സർവെ മാനുവൽ വാല്യം-2, അദ്ധ്യായം-XXXIII, III പ്രകാരമാണ് സർവെ വകുപ്പിൽ ഡിപ്പാർട്ട്മെന്റ് പരീക്ഷകൾ നടത്തി വരുന്നത്. വകുപ്പുതല പരീക്ഷകൾക്കും മത്സര പരീക്ഷകൾക്കും ഉത്തരക്കടലാസ് പുനർമൂല്യനിർണ്ണയം സംബന്ധിച്ചു, PSC മാനുവൽ പ്രകാരം ഏതൊരു ഉത്തരക്കടലാസിനും റീചെക്കിംഗ് ആവശ്യപ്പെടാവുന്നതും പുനർമൂല്യനിർണ്ണയം അനുവദിക്കപ്പെടാത്തതാണെന്നും ഉള്ള പബ്ലിക് സർവ്വീസ് കമ്മീഷന്റെ മാനദണ്ഡങ്ങളാണ് സർവെയും ഭൂരേഖയും വകുപ്പിൽ നടത്തുന്ന പരീക്ഷകൾക്കും ബാധകമാക്കി വരുന്നത്. ഈ വിധം നിഷ്കർഷിച്ചിരിക്കുമ്പോഴും സൂചന (5) കത്തിന്റെ അടിസ്ഥാനത്തിൽ, 2023 ജൂലൈ മാസം 14, 15 തീയതികളിൽ തിരുവനന്തപുരം കേന്ദ്രങ്ങളിൽ വച്ച് റവന്യു ജീവനക്കാർക്കായി നടത്തിയ ഹയർ സർവെ പരീക്ഷയിൽ തിരുവനന്തപുരം സെന്ററിൽ പരീക്ഷാർത്ഥി ആയിരുന്ന ഹാൾ ടിക്കറ്റ് നമ്പർ 06, ശ്രീ. രാജേഷ്, വി. എന്നയാൾ മേൽ പരീക്ഷ വിജയിച്ചതായി പ്രഖ്യാപിച്ചു ഉത്തരവാകുന്നു.

(ഒപ്പ്)
സർവെ ഡെപ്യൂട്ടി ഡയറക്ടർ.

തിരുവനന്തപുരം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

1961ലെ കേരളസർവെയുംഅതിരടയാളആക്ട് 9(2) പ്രകാരംപരസ്യപ്പെടുത്തുന്നനോട്ടീസ്

ADKLM/281/2025-D1 തീയതി: 31/07/2025

കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ നെടുവത്തൂർ വില്ലേജിൽ ഉൾപ്പെട്ടുവരുന്ന പ്രദേശങ്ങളിലെ ഡിജിറ്റൽ റീസർവെ, കേരള സർവെയും അതിരടയാളവും ആക്ട് 9(1) പ്രകാരം പൂർത്തിയാക്കിയിട്ടുള്ളതാണ്. ഇപ്രകാരം തയ്യാറാക്കിയിട്ടുള്ള സർവെ റിക്കാർഡുകൾ 'എന്റെഭൂമി' പോർട്ടലിലും, നെടുവത്തൂർ വില്ലേജിലെ ആനക്കോട്ടൂർ പോസ്റ്റ് ഓഫീസ് ജംഗ്ഷന് സമീപമുള്ള ഡിജിറ്റൽ റീസർവെ ക്യാമ്പ് ഓഫീസിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ഭൂവുടമകൾക്ക് (https://survey.entebhoomi.kerala.gov.in) പോർട്ടൽ സന്ദർശിച്ച് തങ്ങളുടെ ഭൂമിയുടെ രേഖകൾ ഓൺലൈനായി പരിശോധിക്കാവുന്നതാണ്. കൂടാതെ ഡിജിറ്റൽ റീസർവെ ക്യാമ്പ് ഓഫീസിൽ സജ്ജീകരിച്ചിട്ടുള്ള സംവിധാനം പ്രയോജനപ്പെടുത്തി ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെ റിക്കാർഡുകൾ പരിശോധിക്കാവുന്നതാണ്. പരിശോധനയിൽ രേഖപ്പെടുത്തിയിട്ടുള്ള റിക്കാർഡുകളിൽ മേൽ പരാതി ഉണ്ടെങ്കിൽ ആയത് ഈ പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം പുനലൂർ റീസർവെ സൂപ്രണ്ടിന് ഫോറം 160 ൽ നേരിട്ടോ "എന്റെഭൂമി' പോർട്ടൽ മുഖേന ഓൺലൈനായോ അപ്പീൽ സമർപ്പിക്കാവുന്നതാണ്. നിശ്ചിത ദിവസത്തിനകം അപ്പീൽ സമർപ്പിക്കാത്ത പക്ഷം ഡിജിറ്റൽ റീസർവെ റിക്കാർഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഉടമസ്ഥരുടെ പേരുവിവരം, അളവുകൾ, അതിരുകൾ, വിസ്തീർണ്ണം എന്നിവകുറ്റമറ്റതായി പ്രഖ്യാപിച്ച് സർവെ അതിരടയാളനിയമം 13 അനുസരിച്ചുള്ള ഫൈനൽ നോട്ടീഫിക്കേഷൻ പരസ്യപ്പെടുത്തി ഡിജിറ്റൽ സർവെ റിക്കാർഡുകൾ അന്തിമമാക്കുന്നതാണ്. സർവെ സമയത്ത് തർക്കങ്ങൾ ഉന്നയിച്ച് അതിരടയാളനിയമം 10 വകുപ്പ് 2 ഉപവകുപ്പ് പ്രകാരം തീരുമാനം അറിയിച്ചിട്ടുള്ള ഭൂഉടമസ്ഥൻമാർക്ക് ഈ അറിയിപ്പ് ബാധകമായിരിക്കുന്നതല്ല.

വില്ലേജിന്റെ പേര്	നിലവിലെ സർവെ നമ്പർ	ഡിജിറ്റൽ റീസർവെ ബ്ലോക്ക് നമ്പർ	ഡിജിറ്റൽ റീസർവെ നമ്പർ	റിക്കാർഡുകൾ പ്രദർശിപ്പിച്ചിരിക്കുന്ന ഓഫീസ്
നെടുവത്തൂർ	**ബ്ലോക്ക്നമ്പർ-8** സർവെ നമ്പർ 1 മുതൽ 579 വരെ **ബ്ലോക്ക് നമ്പർ-9** സർവെ നമ്പർ 74 മുതൽ 117 വരെ, 217 മുതൽ 219 വരെ, 222 മുതൽ 389 വരെ, 392,394,395, 399 മുതൽ 582 വരെ	1 മുതൽ 145 വരെ		ഡിജിറ്റൽ റീസർവെ ക്യാമ്പ് ഓഫീസ്, നെടുവത്തൂർ (ആനക്കോട്ടൂർ പോസ്റ്റ് ഓഫീസിന് സമീപം)

(ഒപ്പ്)
മനോജ്കുമാർ സി.റ്റി
ഹെഡ്സർവെയർ,
(ഇൻചാർജ്ജ്)
നെടുവത്തൂർ വില്ലേജ്

(Note -എന്റെഭൂമി പോർട്ടലിൽ ഭൂവിവരങ്ങൾ പരിശോധിക്കുന്നവിധം- എന്റെഭൂമി പോർട്ടലിൽ (https://survey.entebhoomi kerala.gov.in) രജിസ്റ്റർചെയ്യാവുന്നതും, തുടർന്ന് ലഭ്യമാകുന്ന. യൂസർ ഐ.ഡിയും, പാസ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം താങ്കളുടെ ഭൂവിവരങ്ങൾ പരിശോ[illegible]താണ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

9(1) കേരള സർവെയും അതിരടയാള ആക്ട് 9(1) പ്രകാരം പരസ്യപ്പെടുത്തുന്ന നോട്ടീസ്

നമ്പർ- **ADKLM/279/2025-D1** തീയതി - **31/07/2025**

കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിൽ ഉൾപ്പെട്ട വടക്കുംതല വില്ലേജിൽ ഉൾപ്പെട്ടുവരുന്ന പ്രദേശങ്ങളിലെ ഡിജിറ്റൽ റീസർവെ, കേരള സർവെയും അതിരടയാളവും ആക്ട് **9(1)** പ്രകാരം പൂർത്തിയാക്കിയിട്ടുള്ളതാണ്. ഇപ്രകാരം തയ്യാറാക്കിയിട്ടുള്ള സർവെ റിക്കാർഡുകൾ “എന്റെ ഭൂമി" പോർട്ടലിലും വടക്കുംതല പനയന്നാർകാവ് ശ്രീ.കുമ്പളത്ത് ശങ്കുപ്പിള്ള സ്മാരക ഗ്രന്ഥശാലയിൽ പ്രവർത്തിച്ച് വരുന്ന ഡിജിറ്റൽ റീസർവെ ക്യാമ്പ് ഓഫീസിലും പ്രദർശിപ്പിച്ചിട്ടുണ്ട്. ഭൂവുടമകൾക്ക് **(https://survey.entebhoomi.kerala.gov.in)** പോർട്ടൽ സന്ദർശിച്ച് തങ്ങളുടെ ഭൂമിയുടെ രേഖകൾ ഓൺലൈനായി പരിശോധിക്കാവുന്നതാണ്. കൂടാതെ ഡിജിറ്റൽ റീസർവെ ക്യാമ്പ് ഓഫീസിൽ സജ്ജീകരിച്ചിട്ടുള്ള സംവിധാനം പ്രയോജനപ്പെടുത്തി ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ രാവിലെ **10** മണി മുതൽ വൈകിട്ട് **5** മണി വരെ റിക്കാർഡുകൾ പരിശോധിക്കാവുന്നതാണ്. പരിശോധന0യിൽ രേഖപ്പെടുത്തിയിട്ടുള്ള റിക്കാർഡുകളിൽ മേൽപരാതി ഉണ്ടെങ്കിൽ ആയത് ഈ പരസ്യം പ്രസിദ്ധപ്പെടുത്തി **30** ദിവസത്തിനകം കരുനാഗപ്പള്ളി റീസർവെ സൂപ്രണ്ടിന് ഫോറം **160** ൽ നേരിട്ടോ “എന്റെ ഭൂമി" പോർട്ടൽ മുഖേന ഓൺലൈനായോ അപ്പീൽ സമർപ്പിക്കാവുന്നതാണ്. നിശ്ചിത ദിവസത്തിനകം അപ്പീൽ സമർപ്പിക്കാത്തപക്ഷം ഡിജിറ്റൽ റീസർവെ റിക്കാർഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഉടമസ്ഥരുടെ പേരുവിവരം, അളവുകൾ, അതിരുകൾ, വിസ്തീർണ്ണം എന്നിവ കുറ്റമറ്റതായി പ്രഖ്യാപിച്ച് സർവെ അതിരടയാള നിയമം **13** അനുസരിച്ചുള്ള ഫൈനൽ നോട്ടീഫിക്കേഷൻ പരസ്യപ്പെടുത്തി ഡിജിറ്റൽ സർവെ റിക്കാർഡുകൾ അന്തിമമാക്കുന്നതാണ്. സർവെ സമയത്ത് തർക്കങ്ങൾ ഉന്നയിച്ച് അതിരടയാളനിയമം **10**-ാം വകുപ്പ് **2**-ാം ഉപവകുപ്പ് പ്രകാരം തീരുമാനം അറിയിച്ചിട്ടുള്ള ഭൂഉടമസ്ഥൻമാർക്ക് ഈ അറിയിപ്പ് ബാധകമായിരിക്കുന്നതല്ല.

വില്ലേജിൻ െറപേര്	നിലവിലെസർവെ നമ്പർ	ഡിജിറ്റൽറീസർ വെബ്ലോക്ക്നമ്പ ർ	ഡിജിറ്റൽ റീസർവെ നമ്പർ	റിക്കാർഡുകൾപ്രദർശിപ്പിച്ചിരി ക്കുന്നഓഫീസ്
വടക്കുംതല	ബ്ലോക്ക്നമ്പർ-17 സർവെ നം. **1-393, 433-436 442,443, 446-531, 569,570, 670-695**	**1** മുതൽ57വരെ		ഡിജിറ്റൽ റീസർവെ ക്യാമ്പ് ആഫീസ്, ശ്രീ.കുമ്പളത്ത് ശങ്കുപ്പിള്ള സ്മാരക ഗ്രന്ഥശാല , പനയന്നാർകാവ് വടക്കുംതല

(ഒപ്പ്)
നിയാസ്.ജെ
ഹെഡ്സർവെയർ ഇൻചാർജ്ജ്
വടക്കുംതല വില്ലേജ്

(Note–എന്റെഭ്രമി പോർട്ടലിൽ ഭ്രവിവരങ്ങൾ പരിശോധിക്കുന്നവിധം– എന്റെഭ്രമി പോർട്ടലിൽ (https://survey.entebhoomi.kerala.gov.in) ഭ്രഉടമയുടെ ഫോൺനമ്പർ ഉപയോഗിച്ച് യൂസർ രജിസ്റ്റർചെയ്യാവുന്നതും, തുടർന്ന് ലഭ്യമാകുന്ന. യൂസർ ഐ.ഡിയും, പാസ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം താങ്കളുടെ ഭ്രവിവരങ്ങൾ പരിശോധിക്കാവുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

1961 ലെ കേരള സർവെയും അതിരടയാളവും ആക്ട് 9 (2) പ്രകാരം പരസ്യപ്പെടുത്തുന്ന നോട്ടീസ്.

സി2-958/2025 **30.07.2025**

തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ താലൂക്കിലെ അടാട്ട് വില്ലേജിൽ ഉൾപ്പെട്ടു വരുന്ന പ്രദേശങ്ങളിലെ ഡിജിറ്റൽ സർവെ കേരള സർവെയും അതിരടയാളവും ആക്ട് **9 (1)** പ്രകാരം പൂർത്തിയാക്കിയിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയിട്ടുള്ള സർവെ റിക്കാർഡുകൾ എന്റെ ഭൂമി പോർട്ടലിലും അടാട്ട് വില്ലേജ് ഡിജിറ്റൽ സർവെ ക്യാമ്പ് ഓഫീസിലും (ആമ്പലങ്കാവ് പരിസരം,കുറൂർ മന റോഡ്) പ്രദർശിപ്പിക്കുന്നു. ഭൂവുടമസ്ഥർക്ക് **https://entebhoomi.kerala.gov.in** പോർട്ടൽ സന്ദർശിച്ച് തങ്ങളുടെ ഭൂമിയുടെ രേഖകൾ ഓൺലൈനായി പരിശോധിക്കാവുന്നതാണ്. കൂടാതെ അടാട്ട് വില്ലേജ് ഡിജിറ്റൽ സർവെ ക്യാമ്പ് ഓഫീസിൽ സജ്ജീകരിച്ചിട്ടുള്ള സംവിധാനം പ്രയോജനപ്പെടുത്തി ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് റിക്കാർഡുകൾ പരിശോധിക്കാവുന്നതുമാണ്. പ്രസിദ്ധപ്പെടുത്തിയിട്ടുള്ള സർവെ റിക്കാഡുകളിന്മേൽ ആക്ഷേപമുള്ള പക്ഷം ഈ പരസ്യം പ്രസിദ്ധപ്പെടുത്തി **30** ദിവസത്തിനകം തൃശ്ശൂർ റീ സർവെ സൂപ്രണ്ടിന് ഫോറം. **160** ൽ നേരിട്ടോ, "എന്റെ ഭൂമി" പോർട്ടൽ മുഖേന ഓൺലൈനായോ അപ്പീൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത ദിവസത്തിനകം അപ്പീൽ സമർപ്പിക്കാത്ത പക്ഷം റീസർവെ റിക്കാർഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഉടമസ്ഥരുടെ പേരു വിവരം, അതിരുകൾ, വിസ്തീർണ്ണം എന്നിവ കുറ്റമറ്റതായി പ്രഖ്യാപിച്ച് സർവെ അതിരടയാള നിയമം **13**-ാം വകുപ്പ് അനുസരിച്ചുള്ള ഫൈനൽ നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തി റിക്കാർഡുകൾ അന്തിമമാക്കുന്നതാണ്. സർവെ സമയത്ത് തർക്കം ഉന്നയിച്ച് സർവെ അതിരടയാള നിയമം **10**-ാം വകുപ്പ് **2**-ാം ഉപവകുപ്പ് പ്രകാരം തീരുമാനം അറിയിച്ചിട്ടുള്ള ഭൂഉടമസ്ഥന്മാർക്ക് ഈ അറിയിപ്പ് ബാധകമായിരിക്കുന്നതല്ല.

വില്ലേജിന്റെ പേര്	മുൻ സർവെ നമ്പർ	ഡിജിറ്റൽ റീസർവെ ബ്ലോക്ക് നമ്പർ	ഡിജിറ്റൽ റീസർവെ നമ്പർ	റിക്കാർഡുകൾ പരിശോധനയ്ക്കായി വെച്ചിരിക്കുന്ന ഓഫീസ്
അടാട്ട്	**1** മുതൽ **468** വരെ,	**1** മുതൽ **42** വരെ	-	അടാട്ട് വില്ലേജ് ഡിജിറ്റൽ സർവെ ക്യാമ്പ് ഓഫീസ് (ആമ്പലങ്കാവ് പരിസരം,കുറൂർ മന റോഡ്)

ഒപ്പ്/-
സുനിത.കെ.വി
ഹെഡ് സർവെയർ
അടാട്ട് വില്ലേജ്

(നോട്ട്:"എന്റെ ഭൂമി" പോർട്ടലിൽ ഭൂവിവരങ്ങൾ പരിശോധിക്കുന്ന വിധം –"എന്റെ ഭൂമി" പോർട്ടലിൽ (**https://entebhoomi.kerala.gov.in**) ഭൂവുടമയുടെ ഫോൺ നമ്പർ ഉപയോഗിച്ച് യൂസർ രജിസ്റ്റർ ചെയ്യാവുന്നതും, തുടർന്ന് ലഭ്യമാകുന്ന യൂസർ ഐഡിയും പാസ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം തങ്ങളുടെ ഭൂവിവരങ്ങൾ പരിശോധിക്കാവുന്നതുമാണ്.)

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.08.19 03:08:49 +05:30